(ബി) കാലാവധി കഴിഞ്ഞ മേൽപ്പറഞ്ഞ ഗവൺമെന്റ് പ്ലീഡർമാരിൽ 29 പേർക്ക് കാലാവധി 3 വർഷത്തേക്ക് നീട്ടികൊടുത്തിട്ടുണ്ട്.

(സി) 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് ചട്ടങ്ങളിലെ 9-ാം ചട്ടപ്രകാരം ഗവൺമെന്റ് പ്ലീഡർമാരുടെ കാലാവധി 3 വർഷമാണ്. 3 വർഷത്തെ കാലാവധിക്ക് ശേഷം ഗവൺമെന്റിന്റെ വിവേചനാധികാര പ്രകാരം കാലാവധി നീട്ടികൊടുക്കുകയോ പുതുതായി നിയമനം നടത്തുന്നതിനുവേണ്ടി പാനൽ ക്ഷണിക്കുകയോ ചെയ്യാവുന്നതാണ്. അതനുസരിച്ച് കാലാവധി കഴിഞ്ഞവരിൽ 8 പേർക്ക് പകരം നിയമനത്തിന് അതത് ജില്ലാ കളക്ടർമാരിൽനിന്നും യോഗ്യരായ അഭിഭാഷകരുടെ പാനൽ ആവശ്യപ്പെട്ടിട്ടുണ്ട്.

സുപ്രീം കോടതിയിൽ കേരളത്തിന് വേണ്ടി ഹാജരാകുന്ന അഭിഭാഷകർ

39 [2928] ശ്രീ. കോവൂർ കുഞ്ഞുമോൻ : ത അൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നരുക്കുമോ?

(എ) സുപ്രീം കോടതിയിൽ കേരള സർക്കാരിനുവേണ്ടി ഹാജരാകാൻ എത്ര അഭിഭാഷകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്;

(ബി) അവർ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് നൽകുന്ന മാസശമ്പളം/അലവൻസ് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി യു.ഡി.എഫ്. സർക്കാർ ഇതുവരെ എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സുപ്രീം കോടതിയിൽ കേരള സർക്കാരിനുവേണ്ടി ഹാജരാകാൻ 3 അഭിഭാഷകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരെ കൂടാതെ ഒരു ആർഗ്യൂയിംഗ് കൗൺസെലിനേയും വളരെ പ്രാധാന്യമുള്ള കേസുകളിൽ ഗവൺമെന്റ് അംഗീകരിച്ച പാനലിലുള്ള 16 സീനിയർ അഭിഭാഷകരെയും കേരള സർക്കാരിനുവേണ്ടി ഹാജരാകാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സുപ്രീം കോടതിയിൽ കേരള സർക്കാരിനു വേണ്ടി ഹാജരാകാൻ ചുമതലപ്പെടുത്തിയിട്ടുള്ള അഭിഭാഷകർ താഴെ പറയുന്നവരാണ്:

I സ്റ്റാൻഡിംഗ് കൗൺസെൽമാർ

1. ശ്രീ. കെ. ആർ. ശശി പ്രഭു
2. ശ്രീ. എം. ആർ. രമേഷ് ബാബു
3. ശ്രീ. എം. റ്റി. ജോർജ്.

II സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകരുടെ പാനൽ

1. അറ്റോർണി ജനറൽ
2. സോളിസിറ്റർ ജനറൽ
3. അഡി. സോളിസിറ്റർ ജനറൽ
4. ശ്രീ. കെ. കെ. വേണുഗോപാൽ
5. ശ്രീ. എഫ്. എസ്. നരിമാൻ
6. ശ്രീ. ടി. എൽ. വിശ്വനാഥ അയ്യർ
7. ശ്രീ. ചന്ദ്രശേഖര ദാസ്
8. ശ്രീ. എൻ. നടരാജൻ
9. ശ്രീ. കപിൽ സിബൽ
10. ശ്രീ. പരാശരൻ
11. ശ്രീ. പി. പി. റാവു
12. ശ്രീ. ബി. സെൻ
13. ശ്രീ. എ. എസ്. സിങ്‌വി
14. ശ്രീ. ഗോപാലസുബ്രഹ്മണ്യൻ
15. ശ്രീ. പി. എ. മുഹമ്മദ്
16. ശ്രീ. ജോൺ മാത്യു

III സുപ്രീം കോടതിയിലെ ആർഗ്യൂയിംഗ് കൗൺസെൽ

ശ്രീ. കൃഷ്ണൻ വേണുഗോപാൽ.

LIBRARY ARCHIVES Kerala Legislative Assembly

(സി) സുപ്രീം കോടതിയിൽ സർക്കാരിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകർക്ക് റീറ്റെയ്നർ ഫീസായി പ്രതിമാസം 1500 രൂപയും സുപ്രീംകോടതിയിൽ സർക്കാരിനു വേണ്ടി കേസ് ഫയൽ ചെയ്യുന്നതിനുള്ള പ്രാരംഭ ചെലവായി സിവിൽ കേസുകൾക്ക് 750 രൂപയും ക്രിമിനൽ കേസുകൾക്ക് 500 രൂപയും നൽകുന്നുണ്ട്. കൂടാതെ അഭിഭാഷകർ അയച്ചുതരുന്ന ബില്ലുകൾ കെ.ജി.എൽ.ഒ. റൂൾ പ്രകാരം പരിശോധന നടത്തി ഫീസ് നൽകാറുണ്ട്.

(ഡി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപ്പീൽ ഹയലാക്കുന്നതിനുവേണ്ടി 5 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കൂടാതെ ഓരോ സാമ്പത്തിക വർഷവും സുപ്രീം കോടതിയിൽ ഹാജരായ അഭിഭാഷകർക്ക് ഫീസിനത്തിൽ നൽകിയ തുക ചുവടെ ചേർക്കുന്നു.

2001-2002	7,45,556	രൂപ
2002-2003	28,60,988	രൂപ
2003-2004	46,21,413	രൂപ
2004-2005 (ഇതുവരെ)	33,62,472	"
ആകെ	1,15,90,429	രൂപ

റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഫണ്ട്

40 [2929] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡിന്റെ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഫണ്ടിനായി ഓരോ വർഷവും എത്ര തുക വകകൊള്ളിക്കാറുണ്ട്; 2001 മേയ് മാസം മുതലുള്ള കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ വിഭാഗത്തിലേക്ക് മാറ്റേതെങ്കിലും വിധത്തിൽ തുക ലഭിക്കാറുണ്ടോ;

(സി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക വീതം ഏതൊക്കെയിനങ്ങളിലായി ടി ഫണ്ടിൽ നിന്നും ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഫണ്ടിനായുള്ള തുക സംസ്ഥാന ബഡ്ജറ്റ് പ്രൊവിഷനല്ല. ബോർഡിന്റെ ബഡ്ജറ്റിൽ 2001-2002-ൽ 22.65 ലക്ഷം രൂപയും 2002-2003-ൽ 53 ലക്ഷം രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly